"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

നിയമ വകുപ്പ്- അഡ്വക്കേറ്റ് ജനറലിന്റെ കാര്യാലയത്തിൽ അധിക തസ്തികകൾ സൃഷ്ടിച്ച് ഉത്തരവാകുന്നു.

---

**നിയമ (ഇൻസ്പെക്ഷൻ ബി) വകുപ്പ്**

സ.ഉ.(കൈ) നം.32/2026/LAW തീയതി, തിരുവനന്തപുരം, 14-03-2026

---

പരാമർശം:- അഡ്വക്കേറ്റ് ജനറലിന്റെ കാര്യാലയത്തിൽ നിന്നുള്ള 10.03.2026-ാം തീയതിയിലെ SS-GK10/2025/AG നമ്പർ കത്ത്.

**ഉത്തരവ്**

അഡ്വക്കേറ്റ് ജനറലിന്റെ കാര്യാലയത്തിലെ ഫയലുകളുടെ എണ്ണത്തിലുള്ള വർദ്ധനവിന്റെ അടിസ്ഥാനത്തിലുള്ള ടി കാര്യാലയത്തിന്റെ നിലവിലെ അവസ്ഥ പരിഗണിച്ചുകൊണ്ട് അഡ്വക്കേറ്റ് ജനറലിന്റെ കാര്യാലയത്തിലേക്ക് അധിക തസ്തികകൾ അനുവദിക്കണമെന്ന് പരാമർശ പ്രകാരം അഡ്വക്കേറ്റ് ജനറൽ അഭ്യർത്ഥിച്ചിരുന്നു.

സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. അഡ്വക്കേറ്റ് ജനറൽ അഭ്യർത്ഥിച്ച പ്രകാരം ടി കാര്യാലയത്തിന്റെ നിലവിലെ അവസ്ഥ പരിഗണിച്ചുകൊണ്ട് അഡ്വക്കേറ്റ് ജനറലിന്റെ കാര്യാലയത്തിൽ താഴെപ്പറയും പ്രകാരം അധിക തസ്തികകൾ സൃഷ്ടിച്ച് ഉത്തരവാകുന്നു.

| Sl. No. | Name of Post | No. of Posts |
|---|---|---|
| 1. | Deputy Secretary (107800-160000) | 1 |
| 2. | Under Secretary (63700-123700) | 1 |
| 3. | Personal Assistant (56500-118100) | 1 |
| 4. | Section Officer (51400-110300) | 3 |
| 5. | Assistant( 39300-83000) | 6 |
| 6. | Confidential Assistant (27900-63700) | 8 |

| | | |
|---|---|---|
| | | |
| 7. | Computer Assistant (27900-63700) | 1 |
| 8. | Clerical Assistant (26500-60700) | 1 |
| 9. | Office Attendant (23000-50200) | 4 |
| **TOTAL** | | **26** |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
കെ ജി സനൽ കുമാർ
നിയമ സെക്രട്ടറി

1. അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം.
2. രജിസ്ട്രാർ ജനറൽ, കേരള ഹൈക്കോടതി, എറണാകുളം (ആമുഖ കത്ത് സഹിതം).
3. ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി.
4. ബഹു. നിയമവും വ്യവസായവും കയറും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി.
5. അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/ എ&ഇ), കേരള, തിരുവനന്തപുരം.
6. നിയമ സെക്രട്ടറിയുടെ പി. എ.
7. ജില്ലാ ട്രഷറി ഓഫീസർ, എറണാകുളം.
8. ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, ഐ&പി.ആർ.ഡി.
9. പൊതുഭരണ (എസ്.സി.) വകുപ്പ് (13.03.2026 തീയതിയിലെ മന്ത്രിസഭ യോഗ തീരുമാനം. ഇനം നം. 3950).
10. ധനകാര്യ വകുപ്പ് (U.O(f) No.(E.3442228): EXP-A4/95/2026-FIN dated 10.03.2026 and 14.03.2026).
11. ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ്.
12. നിയമ (ഇൻസ്പെക്ഷൻ ബി) വകുപ്പ് അഡീഷണൽ നിയമ സെക്രട്ടറിയുടെ സി.എ.
13. നിയമ (നോഡൽ) വകുപ്പ്.
14. നിയമ (മോണിറ്ററിംഗ് സെൽ) വകുപ്പ്.
15. സ്റ്റോക്ക് ഫയൽ/ ഓഫീസ് പകർപ്പ് (INS-B1/36/2026-LAW).

ഉത്തരവിൻ പ്രകാരം

Signed by
Sajjad S
സെക്ഷൻ ഓഫീസർ.
Date: 14-03-2026 18:50:35

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 13-03-2026

ഫയൽ നം. 36/ഇൻസ്പെ.ബി1/2026/നിയമം ഇനം നം: 3950

വിഷയം : നിയമ വകുപ്പ് - അഡ്വക്കേറ്റ് ജനറലിന്റെ കാര്യാലയത്തിൽ അധിക തസ്തികകൾ സൃഷ്ടിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം (ബി) അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. എ. ജയതിലക്
ചീഫ് സെക്രട്ടറി

സെക്രട്ടറി, നിയമ വകുപ്പ്.

**കേരള സർക്കാർ**

(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)

**മന്ത്രിസഭായോഗത്തിനുളള കുറിപ്പ്**

3950

| | | | |
|---|---|---|---|
| 1. | ഫയൽ നമ്പർ | : | നം.36/ഇൻസ്പെ.ബി1/2026/നിയമം |
| 2. | വകുപ്പ് | | നിയമ (ഇൻസ്പെക്ഷൻ ബി) വകുപ്പ് |
| 3. | വിഷയം | : | അഡ്വക്കേറ്റ് ജനറലിന്റെ കാര്യാലയത്തിൽ അധിക തസ്തികകൾ സൃഷ്ടിക്കുന്നത് - സംബന്ധിച്ച്. |
| 4. | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുളള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 12/03/2026 |
| 5. | (i) ഇത് സാമ്പത്തിക ബാദ്ധ്യതയുളളതാണോ?<br>(ii) സാമ്പത്തിക ബാദ്ധ്യതയുളളതാണെങ്കിൽ, ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അഭിപ്രായം മന്ത്രിസഭായോഗത്തിനുളള കുറിപ്പിൽ ഉൾക്കൊളളിച്ചിട്ടുണ്ടോ? | :<br>: | അതെ<br>ഉണ്ട് |
| 6. | മറ്റ് ഏതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുളള കുറിപ്പിൽ ഉൾക്കൊളളിച്ചിട്ടുണ്ടോ? | : | ഇല്ല |
| 7. | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | : | ശ്രീ. എസ്. രാജീവ് |
| 8. | കുറിപ്പ് അംഗീകരിച്ച സെക്രട്ടറിയുടെ പേര് | : | ശ്രീ. കെ.ജി. സനൽ കുമാർ |
| 9. | മന്ത്രിസഭയ്ക്കുളള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 12/03/2026 |
| 10. | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | | ഡോ. എ. ജയതിലക് |
| 11. | മന്ത്രിസഭയ്ക്കുളള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 12/03/2026 |
| 12. | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ.പി.രാജീവ് |
| 13. | മന്ത്രിസഭയ്ക്കുളള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 13/03/2026 |
| 14. | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 13/03/2026 |
| 15. | മന്ത്രിസഭായോഗം തീരുമാനം എടുത്ത തീയതി | : | |
| 16. | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവിന്റെ/കത്തിന്റെ തീയതി | : | |

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

അഡ്വക്കേറ്റ് ജനറലിന്റെ കാര്യാലയത്തിൽ അധിക തസ്തികകൾ സൃഷ്ടിക്കുന്നത് സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.

2. 2018 -ൽ നടത്തിയ വർക്ക് സ്റ്റഡിയുടെ അടിസ്ഥാനത്തിൽ അഡ്വക്കേറ്റ് ജനറലിന്റെ കാര്യാലയത്തിൽ 118 തസ്തികകൾ സൃഷ്ടിക്കുന്നതിനു വേണ്ടി ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് ശിപാർശ ചെയ്തിട്ടുള്ളതാണ്. എന്നാൽ, 18.02.2021 തീയതിയിലെ G.O.(Ms)No.25/2021/Law നമ്പർ സർക്കാർ ഉത്തരവ് പ്രകാരം 60 തസ്തികകൾ മാത്രമാണ് സൃഷ്ടിച്ചത്. ആയതിനുശേഷം അഡ്വക്കേറ്റ് ജനറൽ കാര്യാലയം 12.05.2025, 25.08.2025 എന്നീ തീയതികളിൽ നൽകിയ പ്രൊപ്പോസലുകൾ ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് പഠന റിപ്പോർട്ടിനായി രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടുള്ളതാണ്.

3. പഠന റിപ്പോർട്ടിന് കാലതാമസം നേരിടും എന്നതിനാൽ അഡ്വക്കേറ്റ് ജനറൽ 28.02.2026 തീയതിയിലെ SS-GK10/2025/AG കത്ത് പ്രകാരം താഴെപ്പറയുന്ന തസ്തികകൾ സൃഷ്ടിക്കണമെന്ന് അഭ്യർത്ഥിച്ചിരുന്നു.

| Sl. No. | Category | Scale of pay (Rs.) | No. of posts required |
|---|---|---|---|
| 1. | Under Secretary | 63700-123700 | 1 |
| 2. | Section Officer | 51400-110300 | 3 |
| 3. | Personal Assistant | 56500-118100 | 1 |
| 4. | Assistant | 39300-83000 | 12 |
| 5. | Computer Assistant | 27900-63700 | 2 |
| 6. | Office Attendant | 23000-50200 | 6 |
| 7. | Clerical Assistant | 26500-60700 | 2 |
| **TOTAL** | | | **27** |

| Sl. No. | Category | Scale of pay (Rs.) | No. of posts required |
|---|---|---|---|
| 1. | Deputy Secretary | 107800-160000 | 1 |
| 2. | Confidential Assistant | 27900-63700 | 8 |

4. ആയതു ധനകാര്യ വകുപ്പിന്റെ പരിഗണനയ്ക്ക് നൽകിയപ്പോൾ ധനകാര്യ വകുപ്പ് 10.03.2026-ാം തീയതിയിലെ U.O(f) No.(E.3442228) :EXP-A4/95/2026-FIN പ്രകാരം താഴെ പറയുന്ന അഭിപ്രായം നൽകിയിട്ടുള്ളതാണ്,

**അതായത്:-**

"ഫയലുകളുടെയും എണ്ണത്തിലുള്ള വർദ്ധനവിന്റെ ശതമാന അടിസ്ഥാനത്തിൽ ശതമാന അടിസ്ഥാനത്തിലുള്ള ജോലി വർദ്ധനവ് അംഗീകരിച്ച് അത്രയും ശതമാനം തസ്തികകൾ അധികമായി അനുവദിക്കണമെന്ന ശുപാർശയോട് ധനവകുപ്പിന് യോജിക്കാൻ കഴിയില്ല എന്നും മാറിവരുന്ന സാങ്കേതിക വിദ്യകൾക്ക് അനുസൃതമായി നിലവിലുള്ള മാനവ ശേഷി കാര്യക്ഷമമായി ഉപയോഗിച്ച് അധികമായി വരുന്ന ജോലിഭാരം ക്രമീകരിക്കണം എന്ന നിലപാടാണ് തസ്തിക സൃഷ്ടിക്കുന്ന കാര്യത്തിൽ ധനവകുപ്പ് സ്വീകരിക്കാറുള്ളത് എന്നും സർക്കാരിന്റെ നിലവിലെ സാമ്പത്തിക സ്ഥിതി ഏറ്റവും അനിവാര്യമായ സാഹചര്യങ്ങളിൽ ഒഴികെ പുതിയ ചെലവുകൾ ഏറ്റെടുക്കാൻ പര്യാപ്തമല്ല എന്നും അത്തരമൊരു സാഹചര്യം അഡ്വക്കേറ്റ് ജനറൽ ഓഫീസിന്റെ കാര്യത്തിൽ കാണുന്നില്ല എന്നതിനാൽ ഭരണ വകുപ്പ് ശുപാർശ ചെയ്യുന്ന തസ്തികകൾ സൃഷ്ടിക്കുന്ന കാര്യത്തിൽ ധനവകുപ്പിന് അനുകൂല നിലപാട് സ്വീകരിക്കാൻ കഴിയില്ല എന്ന് അറിയിക്കുന്നു.

ഇതിനു **ബഹു.ധനകാര്യ വകുപ്പ് മന്ത്രിയുടെ** അംഗീകാരമുണ്ട്.".

5. എന്നാൽ, അഡ്വക്കേറ്റ് ജനറൽ 10.03.2026-ാം തീയതിയിലെ SS-GK10/2025/AG നമ്പർ കത്ത് പ്രകാരം അഡ്വക്കേറ്റ് ജനറലിന്റെ കാര്യാലയത്തിന്റെ നിലവിലെ അവസ്ഥ പരിഗണിച്ചുകൊണ്ട് താഴെ

പറയുന്ന തസ്തികകളെങ്കിലും അടിയന്തരമായി അനുവദിക്കണമെന്ന് അഭ്യർത്ഥിച്ചിട്ടുള്ളതാണ്.

| Sl. No. | Name of Post | No. of Posts |
|---|---|---|
| 1. | Deputy Secretary | 1 |
| 2. | Under Secretary | 1 |
| 3. | Personal Assistant | 1 |
| 4. | Section Officer | 3 |
| 5. | Assistant | 6 |
| 6. | Confidential Assistant | 8 |
| 7. | Computer Assistant | 1 |
| 8. | Clerical Assistant | 1 |
| 9. | Office Attendant | 4 |
| **TOTAL** | | **26** |

6. മേൽ സാഹചര്യത്തിൽ, ധനകാര്യ വകുപ്പ് **10.03.2026** -ൽ നൽകിയ അഭിപ്രായം മറികടന്നുകൊണ്ട്, അഡ്വക്കേറ്റ് ജനറലിന്റെ **10.03.2026** തീയതിയിലെ **SS-GK10/2025/AG** നമ്പർ കത്തു മുഖേന അഭ്യർത്ഥിച്ച പ്രകാരം തസ്തികകൾ സൃഷ്ടിക്കണമെന്ന വിഷയം തീരുമാനത്തിനായി മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാവുന്നതാണോ എന്നതിന്മേൽ ഉത്തരവിനായി ഫയൽ ബഹു. നിയമവും വ്യവസായവും കയറും വകുപ്പ് മന്ത്രി മുഖേന ബഹു. മുഖ്യമന്ത്രിക്ക് ചംക്രമണം ചെയ്തപ്പോൾ, മേൽ വിഷയത്തിൽ ധനകാര്യ / നിയമ വകുപ്പുകളുടെ നിർദ്ദേശങ്ങൾ മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു. മുഖ്യമന്ത്രി **12.03.2026** തീയതിയിൽ ഉത്തരവിട്ടിട്ടുള്ളതാണ്.

## <u>തീരുമാനിക്കേണ്ട സംഗതികൾ</u>

എ) അഡ്വക്കേറ്റ് ജനറലിന്റെ കാര്യാലയത്തിൽ അധിക തസ്തികകൾ സൃഷ്ടിക്കുന്ന വിഷയത്തിൽ ധനകാര്യ വകുപ്പ് നൽകിയ അഭിപ്രായം അംഗീകരിക്കാവുന്നതാണോ?

അതോ

ബി) ധനകാര്യ വകുപ്പ് നൽകിയ അഭിപ്രായം മറികടന്ന്, അഡ്വക്കേറ്റ് ജനറൽ ഓഫീസിൽ താഴെ പറയുന്ന തസ്തികകൾ സൃഷ്ടിക്കാവുന്നതാണോ?

| Sl. No. | Name of Post | No. of Posts |
|---|---|---|
| 1. | Deputy Secretary | 1 |
| 2. | Under Secretary | 1 |
| 3. | Personal Assistant | 1 |
| 4. | Section Officer | 3 |
| 5. | Assistant | 6 |
| 6. | Confidential Assistant | 8 |
| 7. | Computer Assistant | 1 |
| 8. | Clerical Assistant | 1 |
| 9. | Office Attendant | 4 |
| **TOTAL** | | **26** |